ശ്രീ. എ. ജെ. ജോൺ: ഇതുഗവമ്മെണ്ടുകളും സമ്മതിച്ചുചെയ്ത ഒരു തീരുമാനമാണതു്.

ശ്രീ എ. താണുപിള്ള: ഇൻറഗ്രേഷൻ സമയത്തു അസ്സെറ്റ്സും ലയബിലിറ്റീസു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ അതിൽ ഫഡ് സംബന്ധിച്ചു് കണക്കുകൾ ചേർത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. ഫെഡറൽ സബ്ജക്ട്സു് സംബന്ധിച്ചു കണക്കുകളാണു് എടുത്തതു്.

ശ്രീ. എ. താണുപിള്ള: അപ്പോൾ ഈ ലയബിലിറ്റീസു് കണക്കാക്കിയിട്ടുണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. അതാണു് ഞാൻ പറഞ്ഞതു് ഫെഡറൽ സബ്ജക്ടു് സംബന്ധിച്ചു കണക്കുകളാണു് ചേർത്തിരുന്നതെന്നു്. ഈ ഫഡ് സംബന്ധിച്ചുള്ള കണക്കുകളും അതിൽ വരികയില്ലെന്നമാത്രമല്ല, ഫഡു് സംബന്ധിച്ചു് കൊടുക്കുവാനുള്ള പണം ലയബിലിറ്റീസായിട്ടു കണക്കാക്കാനും സാദ്ധ്യമല്ല. ഫഡ് സംബന്ധിച്ചുള്ള കണക്കുകളും അവസാനമായി തീട്ടപ്പെടുത്തുമ്പോഴാണു് അതു നിശ്ചയിക്കുന്നതു്. ഇപ്പോൾ അതു സാദ്ധ്യമല്ല. അതുകൊണ്ടു് ഇൻഡ്യാ ഗവമ്മെണ്ടിൻറെ ഫഡ് മിനിസ്റ്റർ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെന്നുവരികിൽ അതു ശരിയല്ല. അദ്ദേഹം റിക്കാർഡു് നോക്കിയിരുന്നുവെങ്കിൽ ഇതുമാതിരി പറയുകയില്ലായിരുന്നു. ആഫ് ഹാൻഡായിട്ടു അങ്ങനെ പറഞ്ഞുവെന്നാണു് എൻറെ വിശ്വാസം. ഇതുസംബന്ധിച്ചു് ഇത്രമാത്രമേ എനിയ്ക്കു പറയുവാനുള്ളു.

Sri. D. Gnanasigamoni: May I understand that the Report in the 'Hindustan Times' is based on the statement by the Hon'ble Minister for Food in the Parliament?

Sri. A. J. John: That was an unauthorised report, just as we see in some of our papers.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തിനു വിഷയമായിട്ടുള്ള സംഗതിയെ അടിസ്ഥാനമാക്കി നൽകിയ മിനിസ്റ്ററുടെ വിശദീകരണം കേൾക്കുകയുണ്ടായി. ഇതു് സ്ഥിരീകരിക്കപ്പെടാത്ത ഒരു റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കൊണ്ടുവന്നിട്ടുള്ളതും ബഡ്ജറ്റ് വാദപ്രതിവാദസമയത്തുതന്നെ വാദപ്രതിവാദം നടത്താൻ സാദ്ധ്യമായിരുന്നതുമായ ഒരു സംഗതിയാണു്. അതുകൊണ്ടു ഇതു് ഒരടിയന്തിരപ്രമേയമായി വാദപ്രതിവാദത്തിനു എടുക്കത്തക്കതല്ല. അതിനാൽ പ്രമേയം തള്ളിയിരിക്കുന്നു.

LEGISLATIVE BUSINESS

The Hindu Religious Institutions Bill

Chief Minister **(Sri. T. K. Narayana Pillai):**

I beg to present the Report of the Select Committee on the Hindu Religious Institutions Bill. I understand that the Bill, as revised by the Select Committee, was published only yesterday night and that there was not sufficient time for the Hon'ble Members to send in amendments. This Bill, as I submitted even at the time of its introduction has to become law by the 16th April and so I move that the Bill may be taken into consideration. The consideration of the Bill may be taken up tomorrow, so that an opportunity may be given to the Hon'ble Members to send in amendments before that time.

Sri. A. J. John: I second it.

The motion that the Bill be taken into consideration was put and carried.

Sri. C V. Iyyu: May I know as to when the consideration of the Bill will be over, for even we, non-Hindus, would like to go to our homes and give some baksheesh to our Hindu dependants on the New Year Day? We would like to know how many days we have to sit for the discussion of the Bill.

Mr. Speaker: That would depend on the course of the debate and its progress and cannot be predicted now.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഈ ബില്ലിൻറെ മലയാളം തർജ്ജിമ കിട്ടിയിട്ടില്ല. അതിൻറെ മറ്റു റിപ്പോർട്ടുകളും മലയാളത്തിൽ കിട്ടിയിട്ടില്ല. ഈ റിപ്പോർട്ടുകളെല്ലാം വായിച്ചു നോക്കിയിട്ടുവേണം ഞങ്ങൾക്കു് ഭേദഗതി ഹാജരാക്കാൻ. അതുകൊണ്ടു് ഇവയുടെ മലയാളം പ്രതി കിട്ടിയാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അസ്സൽ ബില്ലിന്റെ മലയാളവും തമിഴും പരിഭാഷകരും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സെലക്ട് കമ്മിറ്റി റിപ്പോർട്ടും അതിനെ അടിസ്ഥാനമാക്കി ഭേദഗതി ചെയ്ത ബില്ലും മലയാളത്തിൽ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ആ ന്യൂനതയെ കണക്കാക്കി ബില്ലിന്റെ പഠനാലോചന മാറ്റിവയ്ക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അമെൻഡ്മെന്റുകൾ ഹാജരാക്കുന്നതിനു ബഹുമാനപ്പെട്ട മെമ്പറന്മാർക്കു കൂടുതൽ സാവകാശം കിട്ടത്തക്കവണ്ണം ബില്ലിന്റെ പഠനാലോചന നാളത്തേയ്ക്കു വയ്ക്കണമെന്നുള്ള പ്രസ്താവനയോടുകൂടി മിനിസ്റ്റർ ഹാജരാക്കിയ പ്രമേയം എതിരില്ലാതെ സഭ സ്വീകരിച്ചിരിക്കുന്നതനുസരിച്ചു ബില്ലിന്റെ പഠനാലോചന നാളത്തേക്കു മാറ്റിയിരിക്കുന്നു.

Sri. A. Thanu Pillai: Before you fix the date, Sir, I wish to say a few words.

Mr. Speaker: I have already stated after the motion was accepted by the House that the Bill will be taken up for consideration tomorrow.

ശ്രീ. എ. താണുപിള്ള: സർ, അതിനെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്.

Without consulting us, you fixed that the Bill will be taken into consideration tomorrow.

സർ, ഇതിൽ നൂറിനുമുപ്പതിൽ ചിലപ്പോൾ ക്ലാസുകൾ ഉണ്ടു്. സെലക്ട് കമ്മിറ്റി എന്തെല്ലാം മാറ്റങ്ങളാണു് വരുത്തിയിട്ടുള്ളതെന്നു നോക്കാൻ സാധിച്ചിട്ടില്ല. വാദപ്രതിവാദം നടത്തി ശരിയായ രീതിയിൽ ബില്ലു പാസ്സാക്കാനാഗ്രഹിക്കുന്നതെങ്കിൽ നാളെ പത്തുമണിക്കുമുമ്പെ എങ്ങനെ അമെൻഡ്മെന്റ് ഹാജരാക്കാൻ സാധിക്കും. ഇന്നു ഹൗസ് ഉണ്ടു്. ഈ ഹൗസിന്റെ ഇന്നത്തെ നടപടികളിൽ പങ്കെടുക്കണം. അപ്പോൾ എങ്ങനെ ആണു നാളെ പത്തുമണിക്കുമുമ്പെ അമെൻഡ്മെന്റ് ഹാജരാക്കുക? മിനിസ്റ്ററുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ശവമ്പെണ്ടു് ഭാഗത്തുനിന്നും പറയുന്നതുപോലെ കൈപൊക്കുകയൊ കൈ താഴ്ത്തുകയൊ ചെയ്തു് പാസ്സാക്കിയെന്നു വരാം. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം, അതായതു്, ആ പാർട്ടിയിലല്ലാത്ത മെമ്പറന്മാരെ സംബന്ധിച്ചിടത്തോളം അതു സാദ്ധ്യമല്ല. ഞാൻ സ്പീക്കറിനെ ചോദ്യം ചെയ്യുകയല്ല. അമെൻഡ്മെന്റുകൾ തയ്ക്കാനാണെങ്കിൽ നാളെ പത്തുമണിക്കുമുമ്പു് സാദ്ധ്യമല്ല. ബില്ലു് റിപ്പോർട്ടോടുകൂടി വായിക്കണം. അതു ഇന്നത്തെ ഹൗസിന്റെ നടപടികൾ കഴിഞ്ഞേ ഒക്കുകയുള്ളു. അങ്ങനെയിരിക്കെ എല്ലായ്പോഴും കാണിക്കുന്നതുപോലെതന്നെ തിടുക്കത്തിൽ നാളെ കാലത്തു പത്തുമണിക്കുമുമ്പെ അമെൻഡ്മെന്റ് തരണം, പതിനൊന്നു മണിക്കു് വാദപ്രതിവാദത്തിനെടുക്കണമെന്നു പറഞ്ഞാൽ.....

ശ്രീ. പൊന്നറ ജി. ശ്രീധർ: വേറെ ഒരു ബില്ലുകൂടി ഇതുപോലെ ഉണ്ടു്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ബിൽ.

ശ്രീ. എ. താണുപിള്ള: എതായാലും അങ്ങനെ പറയുന്നതു ശരിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഏഴെട്ടുമാസത്തിനുമുമ്പു ചെയ്യേണ്ടിയിരുന്ന ഒരു കാര്യമാണിതു്. ഒന്നുകിൽ നാം ഇന്നു നേരത്തെ പോകണം. അല്ലെങ്കിൽ രണ്ടു ദിവസത്തിനകം ഇതു് ആലോചനയ്ക്കെടുത്താൽമതിയെന്നു വയ്ക്കണം. കാൺഗ്രസ്സു് കക്ഷിക്കാർക്കു് അവർ എന്താണു് ചെയ്യേണ്ടതെന്നു അറിയാം. ഞാൻ ഇന്നു പേപ്പറിൽ വായിച്ചു, ഇതു് ഒരു പാർട്ടി കമ്മ്യൂൺ ആണെന്നു്. എന്തായാലും ഞങ്ങൾക്കു് ഇതു് പഠിച്ചേ ഒക്കുകയുള്ളു. ബില്ലു് ശരിയായ രീതിയിൽ പാസ്സാക്കണമെങ്കിൽ അതിനുള്ള സൗകര്യങ്ങളെല്ലാം ഉണ്ടായിരിക്കേണ്ടതാണു്. അതു ചെയ്യാതെ സഭയുടെ അന്തസ്സിനേയും അവകാശത്തേയും ഹനിക്കത്തക്ക രീതിയിൽ ഇങ്ങനെ തിടുക്കം കാണിക്കരുതു്. അങ്ങനെയാണെങ്കിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് വേണമെങ്കിൽ രണ്ടു ദിവസത്തിനുമുമ്പേ ഞങ്ങൾക്കു് അയച്ചുതരാമായിരുന്നു. ഇപ്പോൾ അതു കൊണ്ടുവന്നിട്ടു ഒരു സൗജന്യമെന്നപോലെ പഠനാലോചന നാളത്തേക്കു മാറ്റിവയ്ക്കണമെന്നാണു പറയുന്നതു്. മാറ്റിവയ്ക്കുകയാണെങ്കിൽ രണ്ടു ദിവസത്തേയ്ക്കു മാറ്റിവയ്ക്കണം. അല്ലെങ്കിൽ സഭ ഇപ്പോൾ പിരിയണം. മനുഷ്യർക്കു് കഴിയുന്ന രീതിയിലെങ്കിലും ഇതെല്ലാം ചെയ്യേണ്ടതാണു്. മിനിസ്റ്റർക്കു് ഭൂരിപക്ഷം ഉണ്ടു്, വേണമെങ്കിൽ ഒരു റെസല്യൂഷൻ മുഖാന്തിരം ഇതു പാസാക്കാൻ കഴിയും. എന്നാൽ അതല്ല നമ്മുടെ ഉദ്ദേശം. സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽതന്നെ വളരെ ഡിസെന്റിംഗ് നോട്ടുസുള്ളതായി കാണുന്നുണ്ടു്. ശ്രീമാൻമാർ എം. കെ. മേനോൻ, ഉദയഭാനു, ആർ. ശങ്കർ, സി. നാരായണപിള്ള, ടി. കെ. നാരായണപിള്ള ഇവരൊക്കെ ഡിസെന്റിംഗ് നോട്ടു് സയ്ച്ചിട്ടുണ്ടു്. ഇതെല്ലാം നന്നു പഠിച്ചാണു അമെൻഡ്മെന്റയ്ക്കേണ്ടതു്. അതിനു സമയം വേണ്ടതാണു്. അതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു് ഒന്നുകിൽ സഭ ഇപ്പോഴേ പിരിയുക, അല്ലെങ്കിൽ രണ്ടു ദിവസത്തേക്കു മാറ്റിവയ്ക്കുക. ഇതിൽ ഏതെങ്കിലും ഒന്നു ചെയ്യണം.

ശ്രീ. മന്നത്തു പത്മനാഭൻ : സർ, മലയാളത്തിൽ കാപ്പി കിട്ടിയില്ല എന്നു പറയുന്നതു് നിസ്സാര കാര്യമല്ല. ഇതു ദേവസ്വം സംബന്ധിച്ചു കാര്യമാണു്. ഇംഗ്ലീഷു് അറിയാൻ പാടില്ലാത്തവർക്കു് അഭിപ്രായം പറയാൻ സൗകര്യം കൊടുക്കാത്ത രീതിയിൽ ഈ ബില്ലു് ഇങ്ങനെ കൊണ്ടുവന്നിരിക്കുന്നതു്, വ്യസനകരമാണു്.

Sri. P. S. Nataraja Pillai : Of the eight members of the Select Committee, seven have submitted dissenting minutes and that shows that this is a very contentious measure. Therefore some time is absolutely necessary to go through the Bill and send in amendments. This may be kindly realised and some reasonable time may be allowed.

മി. സ്പീക്കർ : നാളെ കാലത്തു പത്തുമണിക്കെന്നുള്ളതു് മാറ്റുക അസൗകര്യമാണു്. എന്നാൽ കഴിയുന്നതും വേഗം ഇന്നു ഹൗസു് പിരിയുക എന്നുള്ളതിനെപ്പറ്റി ആലോചിക്കാവുന്നതാണു്. ഇന്നു് കൊച്ചിൻ ടെമ്പിൾ എൻഡി ബില്ലു്, റവന്യൂ ബോർഡ് ബില്ലു് ഇതൊക്കെ ആലോചനയ്ക്കെടുക്കാവുന്നതാണു്. കൊച്ചിൻ ടെമ്പിൾ എൻഡി ബില്ലിനു് അമെൻഡുമെന്റു് ഒന്നുമില്ല. അതു് ഉടനെ പാസാക്കാവുന്നതാണു്. റവന്യൂ ബോർഡ് ബില്ലിലും അധികം അമെൻഡുമെന്റില്ല. ഏതായാലും ഈ ബില്ലുകൾ ഇന്നു പഠിച്ചാലോചനയ്ക്കെടുത്തശേഷം നേരത്തെ സഭ പിരിയാവുന്നതാണു്.

ശ്രീ. മന്നത്തുപത്മനാഭൻ: മലയാളം പരിഭാഷയുടെ കാര്യം....

മിസ്റ്റർ. സ്പീക്കർ: മലയാളം പരിഭാഷ കഴിയുന്നതുംവേഗം വിതരണം ചെയ്യുന്നതിനു് ഏർപ്പാടുചെയ്യാവുന്നതാണു്. അതുകൊണ്ടു് പരിഭാഷ ഉടനെ വന്നില്ലെങ്കിലും ബില്ലിന്റെ പഠിച്ചാലോചന മുമ്പോട്ടു കൊണ്ടുപോകേണ്ടതായിട്ടാണു് കാണുന്നതു്.

ശ്രീ. എ. താണുപിള്ള: സർ, അതിനെക്കുറിച്ചു് എനിക്കും ഒന്നു പറയാനുണ്ടു്. ഇംഗ്ലീഷു് അറിഞ്ഞുകൂടാത്ത ഒരാൾ ആവശ്യപ്പെട്ടാൽ മലയാളത്തിലോ തമിഴിലോ ഉള്ള പരിഭാഷ കൊടുക്കേണ്ടതാണെന്നാണു് സ്റ്റാൻഡിംഗു് ആർഡർ നു ൾ പറഞ്ഞിരിക്കുന്നതു്. അതുപോലെതന്നെ റൂം നു വ്വൽ ഏഴു ദിവസത്തിനു മുമ്പു് റിപ്പോർട്ടിന്റെ കാപ്പികൊടുത്തില്ലെങ്കിൽ ബില്ലിന്റെ പരിശോധന മാറ്റിവയ്ക്കുന്നതിനു് ഒരു മെമ്പർക്കു് അവശ്യപ്പെടാമെന്നും പറയുന്നുണ്ടു്. ഈ റൂളുകളെല്ലാം ലംഘിച്ചു് ഇത്ര തിടുക്കത്തിൽ കാര്യങ്ങൾ കൊണ്ടുപോകേണ്ട ആവശ്യം ഉണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. അതിപ്രധാനമായ ഒരു ബില്ലാണിതു്. അതുകൊണ്ടു് ഇംഗ്ലീഷു് അറിഞ്ഞുകൂടാത്തവർക്കു് അതിന്റെ തർജ്ജിമ കൊടുക്കേണ്ടതല്ലേ എന്നു നാം ചിന്തിക്കേണ്ടതാണു്.

ശ്രീ. സി. വി. ഇയ്യു: മലയാള തർജ്ജിമ കിട്ടാത്തതുകൊണ്ടു് മി. കുഞ്ഞിത്തൊമ്മൻ ഇതിനു മുമ്പു് വളരെ വിഷമിക്കുകയും മൗനമായി ഇരിക്കേണ്ടിവരികയും ചെയ്തു. ഒരിക്കലൊരു അബദ്ധംപറ്റിയതു് പിന്നെയും തുടർന്നുകൊണ്ടുപോകുന്നതു് അതിലും വലിയ അബദ്ധമാണു്. അതിനാൽ ഇംഗ്ലീഷു് അറിഞ്ഞുകൂടാത്ത മി. മന്നത്തുപത്മനാഭന്റെ അപേക്ഷയെ പരിഗണിച്ചു് ഈ കാര്യം ഒന്നു നീട്ടിവച്ചാൽകൊള്ളാം.

ശ്രീ. മന്നത്തുപത്മനാഭൻ: മലയാളംമാത്രം പഠിച്ചിട്ടുള്ള നിർഭാഗ്യവന്മാരായ എന്നെപ്പോലെയുള്ള എം. എൽ. എ. മാരുടെ അവകാശങ്ങളെ ഇങ്ങനെ അടിക്കടി ലംഘിക്കുന്നതു് കഷ്ടമാണു്, പാപമാണു്.

മിസ്റ്റർ. സ്പീക്കർ: ശ്രീ. താണുപിള്ള പറഞ്ഞ വ്യവസ്ഥകൾ റൂളിലുണ്ടു്. അവകൾ അതേപടി പാലിക്കേണ്ടതുമാണു്. എന്നാൽ അത്യാവശ്യം നേരിടുന്ന അവസരങ്ങളിൽ ആ വ്യവസ്ഥകളെ അവഗണിച്ചു സ്പീക്കരുടെ യുക്തംപോലെ പ്രവൃത്തിക്കാനുള്ള അധികാരം ആ റൂളിൽതന്നെ സ്പീക്കർക്കു കൊടുത്തിരിക്കുന്നതു ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുവാനായിരിക്കണമല്ലൊ. കൂടാതെ ബില്ലിന്റെ പരിഭാഷ മുമ്പേതന്നെ വിതരണം ചെയ്യിട്ടുള്ളതിനുപുറമെ റിപ്പോർട്ടിന്റെ പരിഭാഷയും ഒന്നോ രണ്ടോ മണിക്കൂറുകൊണ്ടുതന്നെ കിട്ടുമെന്നാണു അറിവായിരിക്കുന്നതു്. അതു കിട്ടിയാലുടൻ വിതരണം ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സെലക്ട് കമ്മറിയിൽനിന്നും വരുത്തിയ ഭേഗതികൾക്കുള്ള പരിഭാഷ ഒരുമണിക്ക് സിക്രട്ടറിയെ ഏൽപ്പിക്കുന്നതിന് സാധിക്കും. ആ നിലയിൽ ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത അംഗങ്ങളുടെ ഇടയിൽ നാലുമണിക്കുമുമ്പുതന്നെ വിതരണം ചെയ്യുന്നതിനും സാധിക്കും.

മിസ്റ്റർ. സ്പീക്കർ: പരിഭാഷ തയാറാക്കുന്നതിനു കഴിയുന്നത്ര ശ്രമം ചെയ്യിട്ടുണ്ട്. ഇന്നു നാലുമണിക്കുമുമ്പുതന്നെ മെമ്പറന്മാർക്ക് വിതരണംചെയ്യും. സഭ അതിനുമുമ്പ് പിരിയുന്നപക്ഷം ബഹുമാനപ്പെട്ട മെമ്പറന്മാരുടെ വസതികളിൽ അതെത്തിക്കുന്നതാണ്.

The Travancore-Cochin Agricultural Income-Tax Bill

Sri. A. J. John: I beg to present the report of the Select Committee on the Travancore-Cochin Agricultural Income-tax Bill and move that the Bill as revised by the Select Committee may be taken up for consideration in due course.

Sri. T. K. Narayana Pillai: I second it.

The motion was adopted.

The Cochin Temple Entry Authorisation Proclamation (Amendment) Bill

Sri. T. K. Narayana Pillai: I move that the Cochin Temple Entry Authorisation Proclamation (Amendment) Bill as revised by the Select Committee be taken up for consideration.

സെലക്ട് കമ്മിറ്റി ഇതിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ചു ഒരു ഭേഗതിയും കാണുന്നതിനു ഇടയായിട്ടില്ല.

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** I second it.

The motion that the Bill be taken into consideration was put and carried.

ശ്രീ. ഇട്ടീര അമ്മുക്കൻ: ആഗ്രികൾച്ചറൽ ഇൻകംടാക്സ് ബില്ലിനു അമൻഡ്മെൻറ് അയക്കാനുള്ള സമയംകൂടി പറഞ്ഞാൽ കൊള്ളാം.

Mr. Speaker: That matter may be gone into after the matter that is now before the House is disposed of.

The question that clauses 1 to 5 stand part of the Cochin Temple entry Authorisation Proclamation Amendment Bill was put and carried.

Clauses 1 to 5 were added to the Bill.

The question that the preamble stand part of the Bill was put and carried.

The preamble was added to the Bill.

The question that the title stand part of the Bill was put and carried.

The title was added to the Bill.

Sri. T. K. Narayana Pillai: I move that the Bill be passed.

Sri. Panampilli Govinda Menon: I second it.

The question that the Bill be passed was put and carried.

The Bill was passed.

The Travancore-Cochin Board of Revenue Bill

Sri. A. J. John: I move that the Board of Revenue Bill, as revised by the Select Committee, be taken into consideration.

Sri. Panampilli Govinda Menon: I second it.

The question that the Bill be taken into consideration was put and carried.

The question that clauses 1 and 2 stand part of the Bill was put and carried.

Clauses 1 and 2 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly